ഫിക്കറ്റുകളും കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്താൽ മാത്രമേ കേന്ദ്രവിഹിതം അനുവദിക്കുകയുള്ളൂ. കേന്ദ്ര വിഹിതം പൂർണ്ണമായ തോതിൽ ലഭ്യമാകത്തക്കവിധം നടപടികൾ എടുക്കുന്നതിനും പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

212 (278) **എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായപാർക്ക്**

ശ്രീ. കെ. ബാബു :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ജോർജ് ജെ. മാത്യു
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിന്റെ ഭാഗമായി എവിടെയെല്ലാം ഇത്തരം പാർക്കുകൾ സ്ഥാപിച്ചു;

(ഡി) എത്ര നിയോജക മണ്ഡലങ്ങളിൽ ഇതിനാവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്;

(ഇ) സൗജന്യമായി സ്ഥലം ലഭിക്കാതെ എവിടെയെങ്കിലും ഈ സ്കീമിൽ വ്യവസായ പാർക്കുകൾ അനുവദിച്ചിട്ടുണ്ടോ;

(എഫ്) ഈ പദ്ധതി എന്ന് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(ജി) ഈ സാമ്പത്തിക വർഷം എത്ര പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്രയെണ്ണം സ്ഥാപിച്ചു; ഏതെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുപ്പത്തിയേഴ് നിയോജക മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനു വേണ്ട വാഗ്ദാനം ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ചു. ഷൊർണ്ണൂർ, അങ്കമാലി, തിരുവല്ല, തൃശ്ശൂർ, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, ചാത്തന്നൂർ, കഴക്കൂട്ടം എന്നീ മണ്ഡലങ്ങളിൽ സൗജന്യമായി സ്ഥലം ലഭിക്കുകയും പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കഴക്കൂട്ടം മണ്ഡലത്തിൽ മൺവിളയിൽ സ്ഥാപിച്ച വ്യവസായ പാർക്കിലെ സ്ഥലം പൂർണ്ണമായി വ്യവസായ സംരംഭകർക്ക് ലഭ്യമാക്കിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ മൺവിളയിൽ പാർക്ക് സ്ഥാപിച്ചു. ഷൊർണ്ണൂർ, അങ്കമാലി, തിരുവല്ല, തൃശ്ശൂർ, മാരാരിക്കുളം, അമ്പല പ്പുഴ, കോട്ടയം, ചാത്തന്നൂർ എന്നീ മണ്ഡലങ്ങളിൽ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു.

(ഡി) മുപ്പത്തിയേഴ്.

(ഇ) ഇല്ല.

(എഫ്) വ്യവസായ പാർക്കിനാവശ്യമായ സ്ഥലലഭ്യത, വ്യവസായ സംരംഭകരുടെ പങ്കാളിത്തം എന്നിവയെ ആശ്രയിച്ചാണ് പദ്ധതി പൂർത്തിയാ ക്കുക.

(ജി) ധനം സ്വരൂപിക്കുന്ന മുറയ്ക്ക് എല്ലാ മണ്ഡലങ്ങളിലും പാർക്ക് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കഴക്കൂട്ടം മണ്ഡലത്തിലെ മൺവിളയിൽ ഒരെണ്ണം സ്ഥാപിച്ചു. എട്ട് മണ്ഡലങ്ങളിൽ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

213 (*279) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം അനുമതി നൽകുന്ന നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ഗവൺമെന്റ് അനുമതി നൽകുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ നടത്തിപ്പിൽ പലപ്പോഴും വലിയ കാലതാമസമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കീമിലെ നിർമ്മാണപ്രവർത്തനങ്ങളുടെ ഗതിവേഗം വർധിപ്പിക്കുന്നതിനായി എല്ലാ മണ്ഡലങ്ങളിലും എം.എൽ.എ മാർ ചെയർമാൻമാരായുള്ള റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കാൻ സർക്കാരിന് ഉദ്ദേശ്യ മുണ്ടോ;

(സി) എങ്കിൽ റിവ്യൂ കമ്മിറ്റികൾ രണ്ടുമാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യണമെന്ന് നിഷ്കർഷിക്കുമോ;

(ഡി) നിലവിൽ പ്രസ്തുത വർക്കുകളുടെ റിവ്യൂ എവിടെയെങ്കിലും നടക്കുന്നുണ്ടോ; എങ്കിൽ ആരാണ് അതിന് ചുമതലപ്പെട്ടവരെന്ന് അറിയി ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിക്കുന്ന പണികൾ കാലതാമസം വരുത്താതെ ഏറ്റെടുത്ത് നടപ്പിലാ ക്കുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതി ലേയ്ക്കായി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള 'ജില്ലാതല മോണിട്ടറിംഗ് സെൽ' സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ എം.എൽ.എ. മാരും ഈ മോണിട്ടറിംഗ് സെല്ലിലെ അംഗങ്ങളാണ്. ഈ നിർദ്ദേശം പരിശോധിക്കുന്നതാ ണ്.

(സി) ജില്ലാതല മോണിട്ടറിംഗ് സെൽ രണ്ട് മാസത്തിലൊരിക്കലെ ങ്കിലും യോഗം കൂടി പണികളുടെ പ്രവർത്തനപുരോഗതി അവലോകനം

LIBRARY ARCHIVES Kerala Legislative Assembly